**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 419** **05-12-2022 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം കോർപ്പറേഷനിൽ താൽക്കാലിക ജീവനക്കാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം കോർപ്പറേഷനിൽ താൽക്കാലിക ജീവനക്കാരുടെ നിയമനത്തിന് പട്ടിക ആവശ്യപ്പെട്ടുകൊണ്ട് മേയർ തന്റെ പാർട്ടിയുടെ ജില്ലാ സെക്രട്ടറിക്ക് കത്ത് നൽകി എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് എന്തെങ്കിലും പരാതികൾ ലഭിച്ചിരുന്നോ; | (എ) | **തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ പേരിലുള്ള ലെറ്റർ പാഡിൽ പാർട്ടി ജില്ലാ സെക്രട്ടറിയുടെ വിലാസത്തിൽ എഴുതിയതെന്നു പറയുന്ന കത്തിന്റെ പകർപ്പ് മാധ്യമങ്ങളിലൂടെയും മറ്റും പ്രചരിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് തിരുവനന്തപുരം ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ ഒരു പരാതിയാണ് സർക്കാരിൽ ലഭിച്ചിട്ടുള്ളത്. ഇതിന്മേൽ നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടു. ലഭ്യമായ റിപ്പോർട്ട് പരിശോധിച്ച് വരുന്നു.** |
| (ബി) | ഇതു സംബന്ധിച്ച് എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത് ; ആരൊക്കെയാണ് പരാതിക്കാർ ; പരാതികളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | **തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ പേരിലുള്ള ലെറ്റർ പാഡിൽ പാർട്ടി ജില്ലാ സെക്രട്ടറിയുടെ വിലാസത്തിൽ എഴുതിയതെന്നു പറയുന്ന കത്തിന്റെ പകർപ്പ് മാധ്യമങ്ങളിലൂടെയും മറ്റും പ്രചരിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് തിരുവനന്തപുരം ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ ഒരു പരാതിയാണ് സർക്കാരിൽ ലഭിച്ചിട്ടുള്ളത്. ഇതിന്മേൽ നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടു. ലഭ്യമായ റിപ്പോർട്ട് പരിശോധിച്ച് വരുന്നു.** |
| (സി) | കത്തിന്റെ ഉറവിടം സംബന്ധിച്ച് എന്തൊക്കെ വിവരങ്ങളാണ് സർക്കാരിന് ലഭ്യമായിട്ടുള്ളത്; കത്ത് സാമൂഹ്യ മാധ്യമങ്ങളിൽ ഇട്ടവരുടെയും പ്രചരിപ്പിച്ചവരുടെയും പേര് വിവരങ്ങൾ അറിയിക്കുമോ; | (സി) | ഈ വിഷയത്തിൽ ക്രൈംബ്രാഞ്ച് തിരുവനന്തപുരം യൂണിറ്റ് Crime No.225/CB/Tvm/D/22, U/S 465, 466, 469 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. കൂടുതൽ വിവരങ്ങൾ ലഭിച്ചിട്ടില്ല. അന്വേഷണം ഊർജ്ജിതമായി നടന്നു വരുന്നതുമാണ്. |
| (ഡി) | ഇത് സംബന്ധിച്ച് ഓംബുഡ്സ്മാൻ കോർപ്പറേഷന് കത്ത് നൽകുകയുണ്ടായോ; പ്രസ്തുത കത്തിന് മേയറോ കോർപ്പറേഷൻ സെക്രട്ടറിയോ മറുപടി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് മറുപടി നൽകാത്തത് ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഓംബുഡ്സ്മനിൽ നിന്നും കോർപ്പറേഷന് ലഭിച്ച നോട്ടീസിന് നഗരസഭയിൽ നിന്നും മറുപടി നൽകിയിട്ടുള്ളതായും വിഷയം സംബന്ധിച്ച് മേയർ 25.11.2022 തീയതിയിൽ മറുപടി നൽകിയതായും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് |

| | | | |
|---|---|---|---|
| | | | ഓംബുഡ്സ്മാന്റെ ഹിയറിംഗിലും മേയറും സെക്രട്ടറിയും ഹാജരായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ